REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-12-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ മറ്റന്നാൾ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും.
- പത്തനംതിട്ടയിൽ പുലർച്ചെ വാഹനാപകടത്തിൽ മരിച്ച നാലു പേരുടെ ശരീരങ്ങൾ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.
- സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തെ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.
- ലൈബ്രറി സെക്രട്ടറിമാർക്കും ലൈബ്രേറിയൻമാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ബോർഡർ ഗാവസക്ര് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ മികച്ച സ്കോറിലേക്ക്.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ മറ്റന്നാൾ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരുമെന്ന് മന്ത്രി K B ഗണേഷ് കുമാർ അറിയിച്ചു. വൈകിട്ട് മൂന്ന് മണിയ്ക്കായിരിക്കും യോഗം. വ്യാഴാഴ്ച പാലക്കാട് പനയമ്പാടത്ത് സിമന്റ്ലോറി വിദ്യാർത്ഥികൾക്ക് മുകളിലേക്ക് മറിഞ്ഞ് നാല് പെൺകുട്ടികൾ മരണമടഞ്ഞിരുന്നു. ഇന്ന് പുലർച്ചെ പത്തനംതിട്ട കൂടൽ മുറിഞ്ഞകല്ലിലെ വാഹനാപകടത്തിൽ നാലു പേരും മരിച്ചു.

പാലക്കാട് റോഡപകടത്തിന്റെ സംയുക്ത പരിശോധന റിപ്പോർട്ട് നാളെ ഗവണ്മെന്റിന് സമർപ്പിച്ചേക്കും. ഇതിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കും ചൊവ്വാഴ്ചത്തെ യോഗം .

✪✪✪

പത്തനംതിട്ട കൂടൽ മുറിഞ്ഞകല്ലിൽ പുലർച്ചെ കാറും ബസ്സും കൂട്ടിയിടിച്ച് മരിച്ച നാലുപേരുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം പൂർത്തിയാക്കി ബന്ധുക്കൾക്ക് വിട്ടുനൽകും. കോന്നി മല്ലശ്ശേരി സ്വദേശികളായ മത്തായി ഈപ്പൻ, മകൻ നിഖിൽ, നിഖിലിന്റെ ഭാര്യ അനു, അനുവിൻെ പിതാവ് ബിജു P ജോർജ് എന്നിവരാണ് മരിച്ചത്.

വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

--------------(വോയ്സ്)-----------

✪✪✪

പത്തനംതിട്ടയിൽ പുലർച്ചെയുണ്ടായ വാഹനാപകടം തികച്ചും ദുഃഖകരമാണെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. ഡ്രൈവർ ഉറങ്ങിപ്പോയതും അശ്രദ്ധമായി വാഹനമോടിച്ചതുമാണ് അപകട കാരണമെന്ന് പ്രാഥമികാന്വേഷണ റിപ്പോർട്ട് സൂചിപ്പിക്കുന്നതായി മന്ത്രി പറഞ്ഞു. ഗതാഗത കുറ്റകൃത്യങ്ങൾ കണ്ടെത്താൻ പ്രത്യേക യജ്ഞം നടത്തുമെന്നും ഗണേഷ്കുമാർ അറിയിച്ചു.

✪✪✪

സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തെ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. വെള്ളിയാഴ്ച ആരംഭിച്ച മൂന്ന് ദിവസത്തെ സമ്മേളനത്തിൽ പ്രധാനമന്ത്രിയായിരുന്നു അധ്യക്ഷൻ. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ പൊതു വികസന കാര്യപരിപാടി രൂപപ്പെടുത്താനും നടപ്പാക്കാനും ലക്ഷ്യമിട്ടാണ് സമ്മേളനം ആരംഭിച്ചത്.

കേന്ദ്ര - സംസ്ഥാന ബന്ധങ്ങളിൽ സഹകരണ ഫെഡറലിസത്തിന്റെ അടിസ്ഥാനത്തിൽ മികച്ച ഏകോപനം സാധ്യമാക്കി വളർച്ചയുടെയും വികസനത്തിന്റേയും ആക്കം കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം. സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണപ്രദേശങ്ങളിലേയും

ചീഫ് സെക്രട്ടറിമാർക്ക് പുറമെ മുതിർന്ന ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ ചരമവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ ഐക്യത്തിനും ദേശീയോദ്ഗ്രഥനത്തിനും പട്ടേലിന്റെ യജ്ഞങ്ങൾ എന്നും പ്രചോദനമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

കേന്ദ്രമന്ത്രി അമിത് ഷായും പട്ടേലിന് ആദരാഞ്ജലി അർപ്പിച്ചു. 550-ലധികം നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ആധുനിക ഇന്ത്യ സൃഷ്ടിക്കുന്നതിന് അടിത്തറ പാകിയതിന് അമിത് ഷാ സോഷ്യൽ മീഡിയ പോസ്റ്റിൽ അഭിനന്ദിച്ചു.

✪✪✪

ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് ബിൽ ഫെഡറലിസത്തിന്റെ തത്വങ്ങളെ ഇല്ലാതാക്കുന്നുവെന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്രമന്ത്രി അമിത്ഷാ പറഞ്ഞു. ലോക്സഭാ- നിയമസഭ തിരഞ്ഞെടുപ്പുകൾ ഒരേ സമയത്ത് മൂന്നു തവണ ഇന്ത്യയിൽ നടന്നിട്ടുണ്ടെന്ന് ഡൽഹിയിൽ ഒരു T.V ചാനൽ സംഘടിപ്പിച്ച പരിപാടിയിൽ അമിത് ഷാ അറിയിച്ചു. BJP യ്ക്ക് നേട്ടമുണ്ടാക്കാനാണ് ഈ രീതി അവതരിപ്പിക്കുന്നതെന്ന ആരോപണം 2014 ലെയും 19 ലെയും ഒഡീഷ തിരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ അവലോകനം ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു. രണ്ടുതവണയും BJP യ്ക്ക് ഇതിന്റെ ഒരു നേട്ടവും ലഭിച്ചിട്ടില്ലെന്ന് അമിത്ഷാ പറഞ്ഞു.

✪✪✪

ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് ബിൽ ഫെഡറലിസത്തിന്റെ തത്വങ്ങളെ ഇല്ലാതാക്കുന്നുവെന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്രമന്ത്രി അമിത്ഷാ പറഞ്ഞു. ലോക്സഭാ- നിയമസഭ തിരഞ്ഞെടുപ്പുകൾ ഒരേ സമയത്ത് മൂന്നു തവണ ഇന്ത്യയിൽ നടന്നിട്ടുണ്ടെന്ന് ഡൽഹിയിൽ ഒരു T.V ചാനൽ സംഘടിപ്പിച്ച പരിപാടിയിൽ അമിത് ഷാ അറിയിച്ചു. BJP യ്ക്ക് നേട്ടമുണ്ടാക്കാനാണ് ഈ രീതി അവതരിപ്പിക്കുന്നതെന്ന ആരോപണം 2014 ലെയും 19 ലെയും ഒഡീഷ തിരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ അവലോകനം ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു.

രണ്ടുതവണയും BJP യ്ക്ക് ഇതിന്റെ ഒരു നേട്ടവും ലഭിച്ചിട്ടില്ലെന്ന് അമിത്ഷാ പറഞ്ഞു.

✪✪✪

ശ്രീലങ്കൻ പ്രസിഡന്റ് അനുരാ കുമാര ഡിസനായക മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഇന്ത്യയിലെത്തും. സന്ദർശനത്തിനിടെ രാഷ്ട്രപതി ദ്രൗപതി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. പ്രധാന ഉഭയകക്ഷി വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഡിസനായക ന്യൂഡൽഹിയിലെ ബിസിനസ് ഇവന്റിലും പങ്കെടുക്കും.

✪✪✪

വിഴിഞ്ഞം തുറമുഖത്തെയും ദേശീയപാത 66 നെയും ബന്ധിപ്പിക്കുന്ന റോഡ് നിർമാണത്തിലെ പ്രതിസന്ധിയ്ക്ക് 10 ദിവസത്തിനകം പരിഹാരം കണ്ടെത്തുമെന്ന് ഡോ. ശശി തരൂർ എംപിയ്ക്ക് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഉറപ്പുനൽകി. ലോക്സഭയിൽ ഡോ. തരൂരിന്റെ ചോദ്യത്തിന് നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

✪✪✪

ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിലെ സെക്രട്ടറിമാർക്കും ലൈബ്രേറിയൻ മാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കാസർകോട്ട് പറഞ്ഞു. 15,000 പേർ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

വിദ്യാനഗർ ഉദയഗിരിയിൽ നിർമ്മാണം പൂർത്തിയായ ലൈബ്രറി കൗൺസിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഉച്ചയ്ക്ക് ഗേറ്റ് വേ ബേക്കൽ റിസോർട്ട് ഉദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി വൈകീട്ട് കാറ്റാടിയിലും ചീമേനിയിലും പൊതു പരിപാടികളിലും പങ്കെടുക്കും.

✪✪✪

പശുക്കൾക്ക് ഇൻഷുറൻസ് എടുക്കാൻ ക്ഷീര കർഷകർ തയ്യാറാകാത്തത് മൂലം നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമാണ് പലയിടത്തുമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. ഇത് പരിഹരിക്കാൻ എട്ട് കോടി രൂപയുടെ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരികയാണ്. മൂന്ന് വർഷത്തിനകം കേരളത്തിലെ മുഴുവൻ കർഷകരുടെയും പശുക്കൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഏർപ്പെടുത്തുമെന്നും ചിഞ്ചുറാണി പറഞ്ഞു. കാലിച്ചാമരത്ത് കാസർഗോഡ്ജില്ലാതല ക്ഷീര സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ജീവകാരുണ്യ പ്രവർത്തകരുടെ സേവനങ്ങൾ സമൂഹത്തിനു കരുത്താണെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. ഡോ. APJ അബ്ദുൽകലാം സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരൂർ തുഞ്ചൻ പറമ്പിൽ ജീവകാരുണ്യ പ്രവർത്തകരുടെ സംസ്ഥാനതല സൗഹൃദക്കൂട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 14 ജില്ലകളിൽ നിന്ന് അഞ്ഞൂറിലധികം പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ ഗാവസക്ര് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ മികച്ച സ്കോറിലേക്ക്.

ബ്രിസ്ബെയ്നിൽ ഒടുവിൽ റിപ്പോർട്ടു കിട്ടുമ്പോൾ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യക്കെതിരെ അവർ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 326 റൺസെടുത്തിട്ടുണ്ട്.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് ബി-യിലെ ആദ്യമത്സരത്തിൽ കേരളത്തിന് വിജയം. ഹൈദരാബാദിൽ മൂന്നിനെതിരെ നാലു ഗോളിനാണ് കേരളം ഗോവയെ തോൽപ്പിച്ചത്.

ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.

----------------------------(വോയ്സ്)-------------------------------------

✪✪✪

കാലിക്കറ്റ് സർവ്വകലാശാല അത്-ലറ്റിക് മീറ്റ് സർവകലാശാല സ്റ്റേഡിയത്തിൽ വൈകീട്ട് വൈസ്ചാൻസലർ ഡോ.P രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

രണ്ടായിരത്തോളം കായികതാരങ്ങൾ പങ്കെടുക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സർവകലാശാല ചാംപ്യൻഷിപ്പാണിത്. ഭുവനേശ്വറിൽ

ഡിസംബർ 25 മുതൽ ജനുവരി മൂന്ന് വരെ നടത്തുന്ന അഖിലേന്ത്യാ ചാംപ്യൻഷിപ്പിലേക്ക് താരങ്ങളെ മീറ്റിൽനിന്നും തിരഞ്ഞെടുക്കും

✪✪✪

വനിതാ ജൂനിയർ ഏഷ്യാകപ്പ് ഹോക്കി ഫൈനലിൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഒമാനിലെ മസ്കറ്റിലാണ് മത്സരം. പോയിന്റ് പട്ടികയിൽ ചൈന ഒന്നാം സ്ഥനത്തും ഇന്ത്യ രണ്ടാം സ്ഥാനത്തുമാണ്.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള ഷില്ലോങ് ലജോങ്ങുമായി എവേ മത്സരത്തിൽ ഗോൾ രഹിതസമനില പാലിച്ചു. അടുത്ത മത്സരത്തിൽ ഈ മാസം 19ന് രാജസ്ഥാൻ FC യെ കോഴിക്കോട്ട് ഗോകുലം നേരിടും.

✪✪✪

ക്രിസ്മസ് പുതുവത്സര ആഘോഷങ്ങൾക്കായി മൂന്നാറും പരിസരങ്ങളും ഒരുങ്ങി. റിസോർട്ടുകളിലെയും ഹോട്ടലുകളിലെയും ബുക്കിങ് ഉയർന്നതിനാൽ സീസൺ തിരക്കേറിയതാകുമെന്ന പ്രതീക്ഷയിലാണ് ടൂറിസം മേഖല.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ.

--------------(വോയ്സ്)---------------------

✪✪✪

മുനമ്പം വിഷയത്തിൽ സംസ്ഥാന ഗവൺമെന്റാണ് തീരുമാനം എടുക്കേണ്ടതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. പ്രശ്നം പരിഹരിക്കാതെ പരമാവധി വൈകിപ്പിക്കുകയെന്ന സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് ശരിയല്ല. പാണക്കാട് സാദിഖലിതങ്ങളും P.K കുഞ്ഞാലിക്കുട്ടിയും മുനമ്പം വിഷയം പരിഹരിക്കുന്നതിനു വേണ്ടി ആത്മാർത്ഥമായ ഇടപെടലാണ് നടത്തിയതെന്നും സതീശൻ വടകരയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ലഭ്യമായ പണത്തിന്റെ വിനിയോഗ കാര്യത്തിൽ ഗവൺമെന്റിന് മുൻഗണനാക്രമം ഉണ്ടാവണമെന്ന് CPI സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സത്യൻ മൊകേരി ആവശ്യപ്പെട്ടു. ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും ഉൾപ്പെടെ കൊടുത്തു തീർക്കാൻ ഗവൺമെന്റ് ഇടപെടൽ ഉണ്ടാവണം. AITUC വടക്കൻ മേഖല പ്രക്ഷോഭ ജാഥയുടെ ജില്ലാ തല സമാപന സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു സത്യൻ മൊകേരി.

✪✪✪

പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബ് കഥകളി വേഷത്തിന് നൽകുന്ന നാട്യഭാരതി പുരസ്കാരം സദനം ഭാസിക്ക്. കഥകളി സാഹിത്യത്തിന് ഏർപ്പെടുത്തിയ അയിരൂർ രാമൻ പിള്ള പുരസ്കാരം പള്ളിപ്പുറം ഉണ്ണിക്കൃഷ്ണനനും, കഥകളി സംഗീ തത്തിന് അയിരൂർ സദാശിവൻ പുരസ്കാരം കലാമണ്ഡലം വിഷ്ണുവിനുമാണ്.

✪✪✪